# കേരള ഫോക്‌ലോർ അക്കാദമി നാടൻകലാകാര പുരസ്കാരങ്ങൾക്കുള്ള അപേക്ഷ ക്ഷണിക്കുന്നു.

കേരള ഫോക് ലോർ അക്കാദമി 2023 വർഷത്തെ അവാർഡിന് അപേക്ഷ ക്ഷണിക്കുന്നു. ജനുവരി മുതൽ ഡിസംബർ വരെയുള്ള കലണ്ടർ വർഷമാണ് അവാർഡ് നൽകുന്നതിനായി പരിഗണിക്കുന്നത്. കലാകാരന്റെ പേര്, വിലാസം, ജനനത്തീയതി, അവാർഡിന് അപേക്ഷിക്കുന്ന കലാരൂപം, ടെലഫോൺ നമ്പർ എന്നിവ അപേക്ഷയോടൊപ്പം ചേർക്കേണ്ടതാണ്. മുകളിൽ പറഞ്ഞ വിവരങ്ങൾ എഴുതിയോ ടൈപ്പ് ചെയ്തോ കലാകാരൻ ഒപ്പിട്ട് സമർപ്പിക്കണം. അപേക്ഷയോടൊപ്പം കലാരംഗത്ത് പരിചയം തെളിയിക്കുന്ന കോർപ്പറേഷൻ/മുൻസിപ്പൽ/ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് എന്നിവരുടെ പരിചയപ്പെടുത്തൽ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ചേർക്കേണ്ടതാണ്. പ്രാഗത്ഭ്യം തെളിയിക്കുന്നതിന് മറ്റു ജനപ്രതിനിധികൾ, സാംസ്കാരിക സ്ഥാപനങ്ങൾ, അനുഷ്ഠാനകലയാണെങ്കിൽ ബന്ധപ്പെട്ട കാവുകൾ, ക്ഷേത്രങ്ങൾ എന്നിവയുടെ പ്രതിനിധികൾ എന്നിവരിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവയും അപേക്ഷയോടൊപ്പം ചേർക്കാവുന്നതാണ്. ഒരാളുടെ പേര് മറ്റേതെങ്കിലും വ്യക്തിയോ, കലാസംഘടനയോ അവാർഡിന് നിർദ്ദേശിക്കുകയാണെങ്കിൽ ആ അപേക്ഷയിലും മേൽപറഞ്ഞ വിവരങ്ങളെല്ലാം അടക്കം ചെയ്തിരിക്കണം. അതോടൊപ്പം അവാർഡിന് അപേക്ഷിക്കുന്നതിനുള്ള കലാകാരന്റെ സമ്മതപത്രവും അടക്കം ചെയ്യണം. ഒരു കാലകാരനെ സംബന്ധിച്ച പരമാവധി വിവരങ്ങൾ അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. ഓരോ അപേക്ഷകനും രണ്ട് പാസപോർട്ട് സൈസ് ഫോട്ടോകൾ, ആധാർകാർഡിന്റെ കോപ്പി, വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ അടക്കം ചെയ്യണം. അക്കാദമിയുടെ ഏതെങ്കിലും പുരസ്ക്കാരം ലഭിച്ച് മൂന്ന് വർഷത്തിന് ശേഷം മാത്രമേ മറ്റൊരു പുരസ്ക്കാരത്തിന് പരിഗണിക്കുകയുള്ളൂ. അപേക്ഷിക്കേണ്ട അവാർഡുകളും അവയ്ക്കുള്ള പ്രത്യേക നിബന്ധനകളും താഴെ ചേർക്കുന്നു.

## ഫെല്ലോഷിപ്പ്

നാടൻ കലാരംഗത്ത് പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ളവരും മുൻ വർഷങ്ങളിൽ അക്കാദമിയുടെ ഏതെങ്കിലും അവാർഡിന് അർഹരായവരും മുപ്പത് വർഷത്തെ കലാപ്രാവിണ്യമുള്ളവരുമായ നാടൻ കലാകാരന്മാർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

## അവാർഡ്

നാടൻ കലാരംഗത്ത് തനതായ പ്രാഗത്ഭ്യം തെളിയിച്ച ഇരുപത് വർഷത്തെ കലാപ്രാവിണ്യമുള്ളവരുമായ നാടൻ കലാകാരന്മാർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

## ഗുരുപൂജ പുരസ്കാരം

അറുപത്തിയഞ്ച് വയസ്സ് പൂർത്തിയായ നാടൻ കലാകാരന്മാരെയാണ് ഇതിനായി പരിഗണിക്കുക. അക്കാദമി യുടെ ഏതെങ്കിലും പുരസ്ക്കാരം ലഭിച്ചവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല.

## യുവപ്രതിഭാ പുരസ്കാരം

നാടൻകലാരംഗത്ത് തനതായ പ്രാഗത്ഭ്യം തെളിയിച്ച യുവനാടൻ കലാകാരന്മാർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ് അപേക്ഷ സമർപ്പിക്കാനുള്ള പ്രായപരിധി പതിനെട്ട് വയസ്സിനും നാൽപ്പത് വയസ്സിനും മദ്ധ്യേ.

## കലാ പഠന-ഗവേഷണ ഗ്രന്ഥം.

നാടൻ കലകളെ ആധാരമാക്കി രചിക്കപ്പെട്ടതും ഉന്നത നിലവാരം പുലർത്തുന്നതുമായ പഠന ഗവേഷണ ഗ്രന്ഥങ്ങൾക്ക് കേരള ഫോക്‌ലോർ അക്കാദമി അവാർഡുകൾ നൽകുന്നു. 2021,2022, 2023 വർഷങ്ങളിൽ ഒന്നാം പതിപ്പായി പ്രസിദ്ധീകരിക്കപ്പെട്ട ഗ്രന്ഥങ്ങളായിരിക്കും പരിഗണിക്കുക. ഗ്രന്ഥകാരന്മാർക്കും പുസ്തക പ്രസാധകർക്കും പുസ്തകങ്ങൾ പരിഗണനക്ക് സമർപ്പിക്കാവുന്നതാണ്. വായനക്കാർക്കും മികച്ച ഗ്രന്ഥങ്ങൾ നിർദ്ദേശിക്കാവുന്നതാണ്. അപേക്ഷയോടൊപ്പം പുസ്തകങ്ങളുടെ മൂന്ന് കോപ്പികളും അടക്കം ചെയ്യണം.

## ഡോക്യുമെന്ററി പുരസ്കാരം

നാടൻ കലകളെ ആധാരമാക്കി അരമണിക്കൂറിൽ കവിയാത്ത 2021 മുതൽ 2023 ഡിസംബർ വരെയുള്ള കാലയളവിലുള്ള ഡോക്യുമെന്ററിക്ക് കേരള ഫോക്‌ലോർ അക്കാദമി പ്രത്യേകപുരസ്കാരത്തിന് അപേക്ഷ ക്ഷണിച്ചു കൊള്ളുന്നു. അപേക്ഷയോടൊപ്പം ബന്ധപ്പെട്ട വിഷയത്തിലുള്ള ഡോക്യുമെന്ററിയുടെ 3 സീ.ഡികൾ ഉണ്ടാവണം. പ്രസ്തുത കാലയളവിൽ നിർമ്മിച്ചതാണെന്നുള്ള കലാകാരന്റെ സത്യവാങ്മൂലം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

അപേക്ഷകൾ 2024 ഒക്ടോബർ 25 - ാം തീയതിക്കുള്ളിൽ സെക്രട്ടറി, കേരള ഫോക്‌ലോർ അക്കാദമി, പി.ഒ. ചിറക്കൽ. കണ്ണൂർ-11 എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. വ്യക്തികൾക്കും സംഘടനകൾക്കും കലാകാരൻമാരെ നിർദ്ദേശിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് അക്കാദമി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. **ഫോൺ നമ്പർ - 0497 - 2778090.**

വിശ്വസ്തതയോടെ

3/9/24

എ.വി അജയകുമാർ
സെക്രട്ടറി

കേരള ഫോക്‌ലോർ അക്കാദമി
കണ്ണൂർ 670011
ചിറക്കൽ.പി.ഒ